# കരുണ തോന്നുന്ന ദൈവം

**റോമർ 9:15**

**എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്കു കനിവു തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും.**

ദൈവത്തിന്റെ പക്കൽ നിന്നുള്ള എത്ര ശക്തമായ അരുളപ്പാട് ആകുന്നു "എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്കു കനിവു തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും." എന്നുള്ളത്. ദൈവിക കരുണയുടെ ശ്രേഷ്ഠമായ പ്രദർശനവും, വാഗ്ദത്തവും അവന്റെ അരുളപ്പാടിനാൽ ഇവിടെ കാണിക്കുന്നു. മനുഷ്യഹൃദയത്തിന്റെ കാഠിന്യവും, അനുതാപമില്ലാത്ത ഹൃദയവും ആണ് വാസ്തവത്തിൽ അവനെ ദൈവകോപത്തിന് ഇരയാക്കുന്നത്. അങ്ങനെയുള്ള ഒരുവന്റെ ശിക്ഷ വാസ്തവമായും മരണവും, നരകവും തന്നെ ആകുന്നുവെന്ന് ദൈവവചനം പഠിപ്പിക്കുന്നു. എന്നാൽ അങ്ങനെയുള്ള ഒരുവന്റെ ജീവിതത്തിന് ലഭിക്കാമായിരുന്നതിനെ അഥവാ യോഗ്യമായിരുന്നതിനെ തരാതെ നിത്യമരണത്തിൽ നിന്ന് രക്ഷിച്ചതാണ് അവന്റെ കരുണ. അതെ, അർഹതപ്പെട്ടിരുന്നതോ നരകം, നിത്യമരണം. ഓ! എത്ര മഹത്തായ അനുഭവം ആകുന്നു.

വീണ്ടും ദൈവവചനത്തിലൂടെ നമ്മെ നയിക്കുന്ന മറ്റൊരു ചിന്ത, അവന്റെ കരുണയോ അത് അവന്റെ ഹിതത്തിന്റെ മറവിങ്കൽ ഉള്ളതാകുന്നു. ദൈവവിളിയും തെരഞ്ഞെടുപ്പും വലിയ കൃപ തന്നെ ആകുന്നു. കർത്താവിനെ ഹൃദയംകൊണ്ട് തിരിച്ചറിയാനും, സ്വീകരിക്കുവാനും ഹൃദയകവാടം തുറക്കപ്പെടാൻ ഇടയാക്കിയത് പരിശുദ്ധന്റെ വലിയ കനിവ് ആകുന്നു.

നമ്മുടെ അകൃതം കണക്കിട്ടാൽ ആർ ദൈവസന്നിധിയിൽ നിലനിൽക്കും എന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. പാപത്തിന്റെ, മരണത്തിന്റെ ശിക്ഷയുടെ മേൽ കരുണ തോന്നിയ കർത്താവിനെ വാഴ്ത്തി പാടാം. അതെ, ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും കർത്താവിന്റെ കരുണാമയമായ ഇടപെടലിനായി നമുക്ക് പ്രാർത്ഥിക്കാം.

ദൈവിക കരുണ ഈ ശ്രേഷ്ഠമായ സ്നേഹം, അതിന്റെ വെളിപ്പെടുത്തൽ, പ്രദർശനം ഇവയൊക്കെ ഒരു ദൈവപൈതൽ ദിനവും ഓർക്കേണ്ടതാകുന്നു. അവന്റെ കരുണ ഒന്നുകൊണ്ടു മാത്രമാകുന്നു താൻ നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യം മറന്നുപോകാൻ ഇടയാകരുതെന്ന് പ്രാർത്ഥിക്കാം.

കരുണ ഇല്ലാത്ത ഒരു ലോകത്തിൽ നാം ആയിരിക്കുമ്പോൾ കരുണയോടെ നമ്മെ പരിപാലിക്കുന്ന അവന്റെ കരുണാമയമായ ഹൃദയത്തിനായി നമുക്ക് സ്തോത്രം ചെയ്യാം. കോപത്തിനായി ചരതി വെച്ചിരുന്ന (Romans 2:5) നമ്മുടെ ജീവിതത്തിൻ മേൽ കോപ പാത്രം പകരാതെ കരുണാപാത്രത്തിൽ നിന്നു കുടിക്കാൻ ദൈവത്തിനു കരുണ തോന്നി, മനസ്സു തോന്നി. അത്ഭുതകരമായ ഈ സ്നേഹത്തിനായി എന്നും നന്ദിയോടെ അവന്റെ സന്നിധിയിൽ ആയിരിക്കാം.

പരാമർശം :

എബ്രായർ 4:16

അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനു മായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.

സിസ്റ്റർ ബിന്ദു റെജി അയ്മനം 091